(ബി) ഒരു കലണ്ടർ വർഷത്തിൽ 50 ഒഴിവുകളാണ് സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കി വച്ചിട്ടുള്ളത്.

(സി-എഫ്) ഓരോ കായിക ഇനങ്ങൾക്കായി പ്രത്യേകം ഒഴിവുകൾ മാറ്റി വച്ചിട്ടില്ല. എന്നാൽ ഓരോ കലണ്ടർ വർഷത്തെയും സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള 50 ഒഴിവുകളിൽ 25 എണ്ണം വ്യക്തിഗത ഇനങ്ങൾക്കായും 25 എണ്ണം ടീം ഇനങ്ങൾക്കായും നീക്കിവച്ചിരുന്നു.

## കബഡി അസോസിയേഷനിൽ നടന്ന അഴിമതികളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം

162 (4767) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കബഡി അസോസിയേഷനിൽ നടന്ന അഴിമതികളെ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകളെന്താണെന്നും സ്വീകരിച്ച തുടർ നടപടികളെന്താണെന്നും വ്യക്തമാക്കുമോ;

(ബി) ആരോപണ വിധേയരായ മുൻ സെക്രട്ടറി, കോച്ച് എന്നിവർക്കെതിരെയുള്ള പരാതികൾ വിജിലൻസ് ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം ഗുരുതരമായ ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) 2017 ഫെബ്രുവരിയിൽ തമിഴ്നാട്ടിൽ വച്ച് നടന്ന സൗത്ത് സോൺ കബഡി ചാമ്പ്യൻഷിപ്പിന് മുന്നോടിയായി കൊല്ലം പാരിപ്പള്ളിയിൽ വച്ച് നടന്ന സംസ്ഥാന കോച്ചിംഗ് ക്യാമ്പിൽ യോഗ്യരായ കായികതാരങ്ങളെ ഒഴിവാക്കി മുഖ്യ പരിശീലകൻ പരിചയത്തിന്റെ പേരിൽ കായികതാരങ്ങളെ കോച്ചിംഗ് ക്യാമ്പിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അന്വേഷണത്തിൽ യോഗ്യരായ കായിക താരങ്ങൾ ഉണ്ടായിട്ടും സെലക്ഷൻ ലിസ്റ്റിൽ ഉൾപ്പെടാത്ത 4 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തതായി കണ്ടെത്തി. ഇതുമായി ബന്ധപ്പെട്ട് കേരള കബഡി അസോസിയേഷൻ സെക്രട്ടറി നൽകിയ വിശദീകരണത്തിലും, ഇക്കാര്യം സമ്മതിച്ചിട്ടുള്ളതും, ടി നടപടി അസോസിയേഷന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്ന് സമ്മതിച്ചിട്ടുള്ളതുമാണ്. 2000-ലെ കേരള സ്പോർട്സ് ആക്ടിലേയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2008-ലെ സ്പോർട്സ് റൂൾസിലെയും വ്യവസ്ഥകൾ പാലിച്ചല്ല കേരള കബഡി അസോസിയേഷൻ പ്രവർത്തിക്കുന്നതെന്ന സംസ്ഥാന സ്പോർട്സ് കൗൺസിൽ നടത്തിയ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം കേരള കബഡി അസോസിയേഷനെ സസ്പെന്റ് ചെയ്യുകയും കളിക്കാരുടെ അവസരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ചാമ്പ്യൻഷിപ്പുകൾ നടത്താൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സെലക്ഷൻ സുതാര്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സ്പോർട്സ് കൗൺസിൽ തീരുമാനിക്കുന്ന പരിശീലകനെ ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ചുള്ള സ്പോർട്സ് കൗൺസിലിന്റെ അന്വേഷണം പുരോഗമിക്കുന്നു.

(ബി&സി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അന്വേഷണം പൂർത്തിയാക്കി കേരള സ്പോർട്സ് ആക്ടും, റൂൾസും അനുശാസിക്കുന്ന രീതിയിലുള്ള നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷം ഈ വിഷയത്തിൽ ആവശ്യമായ തുടർ അന്വേഷണ നടപടി സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

**കായികരംഗത്ത് കോഴിക്കോട് ജില്ലയിലെ പദ്ധതി പ്രവർത്തനങ്ങൾ**

163 (4768) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായികരംഗത്ത് കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പദ്ധതി പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ തുടക്കം കുറിച്ചത്; അവ എതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കോഴിക്കോട് ജില്ലയിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ പുല്ലൂരാംപാറ തിരുവമ്പാടി മിനി സ്റ്റേഡിയവും നടുവണ്ണൂർ വോളിബോൾ അക്കാദമി എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നടുവണ്ണൂർ വോളിബോൾ അക്കാദമിയ്ക്ക് 10.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി കിറ്റ്കോ സ്വീകരിച്ച് വരുന്നു. പുല്ലൂരാംപാറ തിരുവമ്പാടി മിനി സ്റ്റേഡിയത്തിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.